സർക്കാരിന്റെ ഔഷധ നയം

84(784) ശ്രീ. എം. മുകുന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ ഔഷധ നയം എന്താണെന്ന് വ്യക്തമാക്കാമോ; ആന്റി ബയോട്ടിക് ഔഷധങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ടോ;

(ബി) ആന്റി ബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം വളരെ കൂടുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത് സാധാരണ രോഗികൾക്ക് വളരെ വിഷമം സൃഷ്ടിക്കുന്നതായി കരുതുന്നുണ്ടോ;

(സി) ഇതുസംബന്ധിച്ച് ആവശ്യമായ പഠനം നടത്തി ശാസ്ത്രീയമായി ആന്റിബയോട്ടിക് നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജ്യത്ത് മരുന്ന് ഉൽപ്പാദനവും വിതരണവും വിൽപ്പനയും നിയന്ത്രിക്കുന്നത് 1940-ലെ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള ചട്ടങ്ങളും (Drugs and Cosmetics Rules 1945) പ്രകാരമാണ്. നിലവിലുള്ള ഔഷധ നിയമം 1986 പ്രധാനമായും പരാമർശിച്ചിരിക്കുന്നത് മിതമായ നിരക്കിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക, ചെലവുകുറഞ്ഞ രീതിയിൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് പുതിയ സാങ്കേതിക വിദ്യകൾ, ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന്റെ വികസനത്തിന് ഉതകുന്ന രീതിയിലുള്ള ഗവേഷണ പുരോഗതി, മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, മരുന്നുകളുടെ അശാസ്ത്രീയമായ ഉപയോഗം തടയുക, മരുന്നുകളുടെ പാർശ്വഫലങ്ങൾ നിരീക്ഷിച്ച് പ്രതിവിധികൾ/പരിഹാര നടപടികൾ സ്വീകരിക്കുക, മരുന്നുകളുടെ ശാസ്ത്രീയമായ ഉപയോഗം ഉറപ്പാക്കുക എന്നിവയാണ്. ആന്റിബയോട്ടിക് ഔഷധങ്ങളുടെ rational use പ്രോത്സാഹിപ്പിക്കുന്നതിനും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (Anti microbial resistance)-നെ ഫലപ്രദമായി പ്രതിരോധിക്കുന്നതിലേക്കുമായുള്ള 'ആന്റിബയോട്ടിക് ഔഷധനയം' (Antibiotic policy)-യുടെ കരട് അന്തിമ വിശകലനത്തിനായി ചർച്ചാ യോഗങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 23-1-2016-ന് വിവിധ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വർക്ക്ഷോപ്പ് എറണാകുളത്തുവച്ച് നടത്തിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആന്റിബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും യുക്തിസഹമായി നിർദ്ദേശിക്കാനും ആന്റി ബയോട്ടിക് ഔഷധ നയം തയ്യാറാക്കി വരികയാണ്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ ചെലവ് കൂട്ടുന്നതിന് പുറമെ ഡ്രഗ്സ് റെസിസ്റ്റൻസ് സൃഷ്ടിക്കുകയും ചെയ്യും എന്നതുകൊണ്ട് സർക്കാർ ഈ വിഷയം ഗൗരവമായി കണക്കിലെടുക്കുന്നുണ്ട്.

(സി) ആന്റിബയോട്ടിക് നയം തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരോഗ്യരംഗത്തെ വിവിധ മേഖലകളിലെ വിദഗ്ധരുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. വിദഗ്ധരുടെ സഹായത്തോടെ കരട് നയത്തിന് രൂപം നൽകിയിട്ടുണ്ട്.

ആശുപത്രികളിൽ കെട്ടിടങ്ങൾ

85(785) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ കെട്ടിടങ്ങൾ നിർമ്മിച്ചു;

(ബി) ആയതിനായി എന്ത് തുക ചെലവഴിച്ചു; ഓരോന്നിന്റേയും കണക്ക് ലഭ്യമാക്കാമോ;

(സി) ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലെ കണക്ക് പ്രത്യേകം അറിയിക്കാമോ;

(ഡി) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകൾ ആണ് വിനിയോഗിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ കുട്ടികളുടെ വാർഡ്, എക്സ്റേ, കുത്തിവയ്പ്പിനുള്ള മുറി, കടമ്പഴിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം എന്നിവയും തച്ചനാട്ടുകര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. കെട്ടിടവും നിർമ്മിച്ചു.

(ബി) സാമൂഹ്യാരോഗ്യ കേന്ദ്രം, അമ്പലപ്പാറ :

(എ) കുട്ടികളുടെ വാർഡ്- 20 ലക്ഷം

(ബി) എക്സ്റേ , കുത്തിവെയ്പ്പിനുള്ള മുറി-8.98 ലക്ഷം

സാമൂഹ്യാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം :

സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചനാട്ടുകര :

ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly